# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


**വാർത്താക്കുറിപ്പ്**

**2023 ഏപ്രിൽ 11**

---

## എം.ജി സർവകലാശാലയിൽ വെറ്ററിനേറിയൻ ഒഴിവ്

മഹാത്മാ ഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബയോ സയൻസസിൽ വെറ്ററിനേറിയൻ തസ്തികയിൽ ഒരു വർഷത്തേക്ക് കരാർ അടിസ്ഥാനത്തിൽ താത്കാലിക നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രതിമാസ വേതനം 35000 രൂപ

വെറ്ററിനറി സയൻസിൽ ബിരുദവും കേരള വെറ്ററിനറി കൗൺസിലിൻറെ അംഗീകാരവുമുള്ള ഡോക്ടർമാർക്കും റിട്ടയർ ചെയ്ത വെറ്ററിനറി ഡോക്ടർമാർക്കും അപേക്ഷിക്കാം.

താല്പര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം ഏപ്രിൽ 25നകം soada3@mgu.ac.in എന്ന ഇ-മെയിൽ വിലാസത്തിലേക്ക് അപേക്ഷ അയയ്ക്കണം.

ബയോഡാറ്റയിൽ ഫോൺ നമ്പർ, ഇ-മെയിൽ വിലാസം എന്നിവ രേഖപ്പെടുത്തണം.

വിശദവിവരങ്ങൾ സർവകലാശാലാ വെബ്സൈറ്റിൽ. ഫോൺ: 6282079925

(പി.ആർ.ഒ/39/396/2023)

## പരീക്ഷാ തീയതി

ഒന്നാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് എം.എസ്.സി, എം.എ (ന്യൂ സ്കീം - 2021,2022 അഡ്മിഷനുകൾ റഗുലർ, 2020 അഡ്മിഷൻ സപ്ലിമെൻററിയും ഇംപ്രൂവ്മെൻറും) പരീക്ഷകൾ ഈ മാസം 24 ന് ആരംഭിക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

.....................

ഏഴാം സെമസ്റ്റർ ബി.എച്ച്.എം(2010,2011,2012 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷ ഏപ്രിൽ 25ന് നടത്തും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/397/2023)

## <u>പ്രാക്ടിക്കൽ</u>

മൂന്നാം സെമസ്റ്റർ എം.എസ്.സി ഫുഡ് ടെക്നോളജി ആൻറ് ക്വാളിറ്റി അഷ്വറൻസ് (സി.എസ്.എസ് - 2021 അഡ്മിഷൻ റഗുലർ 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷ ഇന്ന്(ഏപ്രിൽ 12) മുതൽ അതത് കോളജുകളിൽ നടത്തും.

..........................

ആറാം സെമസ്റ്റർ ബി.എസ്.സി ഹോം സയൻസ് - ഫാമിലി ആൻറ് കമ്മ്യൂണിറ്റി സയൻസ് (സി.ബി.സിഎസ് - 2020 അഡ്മിഷൻ റഗുലർ, 2017-2019 അഡ്മിഷനുകൾ റീ-അപ്പിയറൻസ് - മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 19 മുതൽ വിവിധ കോളജുകളിൽ നടത്തും.

..........................

ആറാം സെമസ്റ്റർ ബി.എ മ്യൂസിക് വോക്കൽ, മ്യൂസിക് വയലിൻ (സി.ബി.സി.എസ്-2020 അഡ്മിഷൻ റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി -മാർച്ച് 2023) ബിരുദ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 17 മുതൽ തൃപ്പൂണിത്തുറ ആർ.എൽ.വി കോളജ് ഓഫ് മ്യൂസിക് ആൻഡ് ഫൈൻ ആർട്സിൽ നടത്തും.

..........................

ആറാം സെമസ്റ്റർ ബി.എസ്.സി ക്ലിനിക്കൽ ന്യൂട്രീഷൻ ആൻറ് ഡയറ്റെറ്റിക്സ് (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ

പ്രാക്ടിക്കൽ പരീക്ഷകൾ ഈ മാസം 18 മുതൽ നടത്തും.

(പി.ആർ.ഒ/39/398/2023)

## വൈവ വോസി

ആറാം സെമസ്റ്റർ ബി.എസ്.ഡബ്ല്യു(സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ, 2017 മുതൽ 2019 വരെ അഡ്മിഷനുകൾ സപ്ലിമെൻററി - മാർച്ച് 2023) പരീക്ഷയുടെ പ്രോജക്ട് വൈവ വോസി പരീക്ഷ ഈ മാസം 17 മുതൽ നടക്കും.

(പി.ആർ.ഒ/39/399/2023)

## പരീക്ഷാ ഫലം

കഴിഞ്ഞ വർഷം ഓഗസ്റ്റിൽ നടത്തിയ മൂന്നാം വർഷ ബാച്ച്ലർ ഓഫ് ഫാർമസി (ഓൾഡ് സ്കീം - 2014,2015 അഡ്മിഷനുകൾ സപ്ലിമെൻററി അപ്പിയറൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2003 മുതൽ 2010 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, ന്യു സ്കീം - 2016 അഡ്മിഷൻ സപ്ലിമെൻററി അപ്പിയറൻസ്) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും(ഓൾഡ് സ്കീം വിദ്യാർഥികൾക്ക് മാത്രം) സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഏപ്രിൽ 26 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

.............................

ബാച്ച്ലർ ഓഫ് ഫാർമസി(ഓൾഡ് സ്കീം - 2014,2015 അഡ്മിഷനുകൾ സപ്ലിമെൻററി അപ്പിയറൻസ്, 2011 മുതൽ 2013 വരെ അഡ്മിഷനുകൾ ആദ്യ മെഴ്സി ചാൻസ്, 2003 മുതൽ 2010 വരെ അഡ്മിഷനുകൾ രണ്ടാം മെഴ്സി ചാൻസ്, ന്യു സ്കീം - 2016 അഡ്മിഷൻ സപ്ലിമെൻററി അപ്പിയറൻസ്) പ്രോഗ്രാമിൻറെ കഴിഞ്ഞ വർഷം സെപ്റ്റംബറിൽ നടത്തിയ രണ്ടാം വർഷ പരീക്ഷകളുടെയും ഒക്ടോബറിൽ നടത്തിയ ഒന്നാം വർഷ പരീക്ഷകളുടെയും ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും(ഓൾഡ് സ്കീം വിദ്യാർഥികൾക്ക് മാത്രം) സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം ഏപ്രിൽ 25 വരെ പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ സമർപ്പിക്കാം.

..............................

2022 ഏപ്രിലിൽ നടന്ന പ്രൈവറ്റ് രജിസ്ട്രേഷൻ ബി.കോം മൂന്നാം സെമസ്റ്റർ (സി.ബി.സി.എസ് - 2020 അഡ്മിഷൻ റഗുലർ - മാർച്ച് 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഏപ്രിൽ 26 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

(പി.ആർ.ഒ/39/400/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**